ഐ സി എ ആർ -കേന്ദ്ര ഉൾനാടൻ മത്സ്യഗവേഷണ സ്ഥാപനം

ബാരക്ക്പൂർ , കൊൽക്കത്ത -700120

**<u>COVID-19 ന്റെ പശ്ചാത്തലത്തിൽ നദി, നദിമുഖങ്ങൾ, കനാലുകൾ, തോടുകൾ എന്നിവയുടെ മത്സ്യത്തൊഴിലാളികൾക്കുള്ള ഉപദേശങ്ങൾ</u>**

പല സംസ്ഥാനങ്ങളും ലോക്ക് ഡൗൺ സമയത്ത് നിയന്ത്രിത പട്ടികയിൽ നിന്ന് മത്സ്യബന്ധനം, ചരക്കു നീക്കം എന്നിവ ഒഴിവാക്കി. മത്സ്യം കേടുവരുന്ന ഉത്പന്നമായതിനാൽ അതിന്റെ വിപണിയിലേക്കുള്ള ഗതാഗതം ഉൾപ്പെടെയുള്ള കൈകാര്യം ചെയ്യൽ അനിവാര്യമാണ്. എന്നിരുന്നാലും, മത്സ്യത്തൊഴിലാളികൾ രോഗ വ്യാപനം തടയാൻ സുരക്ഷാ നടപടികള് പാലിക്കേണ്ടതാണ്. സോപ്പ് ഉപയോഗിച്ച് കൈകഴുകുക, മുഖംമൂടികൾ ധരിക്കുക, സംരക്ഷിത വസ്ത്രം ഉപയോഗിക്കുക, ഗിയറുകൾ വൃത്തിയാക്കുക എന്നിവയിലൂടെ വ്യക്തിപരമായ ശുചിത്വവും സാമൂഹിക അകലവും പാലിക്കുന്നത് ഉൾപ്പെടെയുള്ള ലളിതമായ നടപടികൾ പകർച്ചവ്യാധിയുടെ വ്യാപനത്തെ തടയും.

**<u>മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും പാലിക്കേണ്ട ഉപദേശങ്ങൾ</u>**

1. മത്സ്യബന്ധനത്തിന് മുമ്പും ശേഷവും അതിനിടയിലും മത്സ്യ വിളവെടുപ്പിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ വ്യക്തിഗത ശുചിത്വവും സാമൂഹിക അകലവും പാലിക്കണം






2 മത്സ്യബന്ധനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ എല്ലായ്പ്പോഴും മാസ്കുകൾ ഉപയോഗിക്കുകയും ന്യായമായ ഇടവേളകളിൽ സോപ്പ് ഉപയോഗിച്ച് കൈ കഴുകുകയും വേണം.



3 ഉൾനാടൻ മേഖലയിലെ മത്സ്യ വിളവെടുപ്പ് കൂട്ടമായാണ് നടത്തുന്നത്. കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന ഉപകരണം ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ മത്സ്യ തൊഴിലാളികൾ, അവരുടെ ഇടയിൽ 3 അടി അകലമെങ്കിലും പാലിക്കേണ്ടതാണ്. നാടൻ വഞ്ചികളിൽ മത്സ്യബന്ധനത്തിന് 2 മത്സ്യത്തൊഴിലാളികളേ പാടുള്ളൂ. രണ്ട് ബോട്ടുകൾ അടുത്ത് പ്രവർത്തിക്കരുത്, കൂടാതെ 3 മീറ്ററിൽ കൂടുതൽ ദൂരം നിലനിർത്തുകയും വേണം.




4 വിശ്രമസമയത്തും ഭക്ഷണം കഴിക്കുന്ന നേരത്തും ലാൻഡിംഗ് സെന്ററിൽ മത്സ്യം കൈകാര്യം ചെയ്യുന്ന സമയത്തും മൂന്ന് മുതൽ നാല് അടി വരെ അകലം പാലിക്കണം.

5 സാധ്യമെങ്കിൽ, ഓരോ പ്രവർത്തനത്തിനും ശേഷം ബോട്ടുകളും വലകളും മറ്റ് മത്സ്യബന്ധന ഉപകരണങ്ങളും വൃത്തിയാക്കണം. ഇവയെ, സോപ്പ് ലായനി ഉപയോഗിച്ച് കഴുകിയ ശേഷം 1% സോഡിയം ഹൈപ്പോക്ലോറൈറ്റ് ലായനിയിൽ 5 മിനിറ്റ് മുക്കിവയ്ക്കുക, തുടർന്ന് സൂര്യപ്രകാശത്തിൽ ഉണക്കുക. വലകൾ വേപ്പിൻ ലായനിയിൽ മുക്കിയെടുത്തു സൂര്യനു കീഴെ ഉണക്കണം. തിരക്ക് അനുവദനീയമല്ല. ആനുകാലിക അണുനശീകരണം അനുവദനീയമാണ്.



6 മത്സ്യങ്ങളുടെ ലാൻഡിംഗ് സെന്റർ വൃത്തിയുള്ളതായിരിക്കണം. ബ്ലീച്ചിംഗ് പൊടി, സോഡിയം ഹൈപ്പോക്ലോറൈറ്റ് അല്ലെങ്കിൽ ഏതെങ്കിലും സാനിറ്റൈസർ ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ ശുചിയാകേണ്ടതാണ് .




7 ഒരു നിശ്ചിത സമയത്തേക്ക് മത്സ്യ ലേല കേന്ദ്രങ്ങൾ തുറക്കാം. ലേല കേന്ദ്രങ്ങളിലെ ലേലക്കാരുടെ പ്രവേശനം മത്സ്യത്തൊഴിലാളി സംഘടനകൾ നിയന്ത്രിക്കുകയും കോവിഡ് 19 ന്റെ സുരക്ഷാ നടപടികൾ പാലിക്കേണ്ടതുമാണ്.




8 മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിലെ അംഗങ്ങൾ ചിലപ്പോൾ ജോലി തേടി കുടിയേറുന്നു. ലോക്ക് ഡൗൺ കാലയളവിൽ, അവൻ അല്ലെങ്കിൽ അവൾ പുറത്തു നിന്ന് വന്നയാളാണെങ്കിൽ, 14 ദിവസത്തേക്ക് അവന്റെ / അവളുടെ വീട്ടിൽ ഏകാന്തവാസത്തിൽ തുടരാൻ ആവശ്യപ്പെടണം. ഏകാന്തവാസത്തിനു കുട്ടികളെയും ഗർഭിണികളെയും അനുവദിക്കേണ്ടതില്ല.

